# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.186 — 18.12.2012 ൽ മറുപടിയ്ക്ക്

## മോട്ടോർ വാഹന നിയമത്തിൽ പരിഷ്ക്കാരം

| | | |
|---|---|---|
| ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി<br>,, പി. ഉബൈദുള്ള<br>" വി.എം. ഉമ്മർമാസ്റ്റർ<br>" എൻ. ഷംസുദ്ദീൻ | | ഉത്തരം<br>ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി |
| (എ) മോട്ടോർ വാഹന നിയമത്തിൽ പരിഷ്ക്കാരം വരുത്തുവാൻ കേന്ദ്ര ഗതാഗത മന്ത്രാലയം ആലോചിക്കുന്ന കാര്യം സംസ്ഥാനസർക്കാരിനെ അറിയിച്ചിട്ടുണ്ടോ? എങ്കിൽ ആയത് സംബന്ധിച്ച വിശദാംശം നല്കുമോ ? | (എ) | ഉണ്ട്. നിലവിലുള്ള മോട്ടോർ വാഹന നിയമം നിലവിൽ വന്നത് 1988ലാണ്. റോഡ് ഗതാഗത മേഖലയിൽ ഉണ്ടായ മാറ്റങ്ങൾ കണക്കിലെടുത്തുകൊണ്ടും, മോട്ടോർ വാഹനങ്ങളുടെ എണ്ണത്തിലുണ്ടായ അഭൂത-പൂർവ്വമായ വർദ്ധനവ് പരിഗണിച്ചുകൊണ്ടും കേന്ദ്ര സർക്കാരിന്റെ റോഡ് ട്രാൻസ്പോർട്ട് ആന്റ് ഹൈവേ മന്ത്രാലയം നിലവിലുള്ള മോട്ടോർ വാഹന നിയമങ്ങൾ പരിഷ്കരിക്കുവാൻ തീരുമാനിക്കുകയുണ്ടായി. കേന്ദ്രമന്ത്രിസഭയുടെ അംഗീകാരത്തോടുകൂടി മോട്ടോർ വെഹിക്കിൾസ് (അമെന്റ്മെന്റ്) ബിൽ - 2007, 15/05/2007 ന് രാജ്യസഭയിൽ അവതരിപ്പിച്ചു. പ്രസ്തുത ബിൽ പാർലമെന്ററി സ്റ്റാൻഡിംഗ് കമ്മിറ്റിയുമായി ബന്ധപ്പെട്ട വകുപ്പിലേയ്ക്ക് അഭിപ്രായത്തിനായി അയയ്ക്കുകയും, 28/04/2008 ന് സ്റ്റാൻഡിംഗ് കമ്മിറ്റി റിപ്പോർട്ട് പാർലമെന്റിൽ സമർപ്പിക്കുകയും ചെയ്തു. രാജ്യസഭയിൽ അവതരിപ്പിച്ച മോട്ടോർ വെഹിക്കിൾസ് അമെന്റ്മെന്റ് ബിൽ - 2007 -ന് സ്റ്റാൻഡിംഗ് കമ്മിറ്റി പല മാറ്റങ്ങളും നിർദ്ദേശിക്കുകയുണ്ടായി. പ്രസ്തുത ബില്ലും, സ്റ്റാൻഡിംഗ് കമ്മിറ്റി നിർദ്ദേശിച്ച മാറ്റങ്ങളും, വിവിധ ഭാഗങ്ങളിൽ നിന്നും ലഭിച്ച നിവേദനങ്ങളും, നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കിയ പുതുക്കിയ ബിൽ കാബിനറ്റിന്റെ മുമ്പിൽ അവതരിപ്പിക്കുന്നതിനായി 2009 സെപ്റ്റംബർ മാസത്തിൽ കേന്ദ്ര റോഡ് ട്രാൻസ്പോർട്ട് & ഹൈവേ മന്ത്രാലയം മുൻ സെക്രട്ടറി ശ്രീ. എസ്. സുന്ദറിന്റെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. സുന്ദർ കമ്മിറ്റി 02/02/2011ന് റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിന്മേൽ റോഡ് ട്രാൻസ്പോർട്ട് ആന്റ് ഹൈവേ മന്ത്രാലയം എല്ലാ സംസ്ഥാനങ്ങളോടും അഭിപ്രായം ആരായുന്ന -തിന്റെ ഭാഗമായി സംസ്ഥാനസർക്കാരിനോടും അഭിപ്രായം ആരാഞ്ഞിരുന്നു. പ്രസ്തുത |

| | | |
|---|---|---|
| | | റിപ്പോർട്ടിന്മേൽ, നിയമവകുപ്പിന്റെ ഉപദേശത്തിന്റെയും, ഗതാഗത കമ്മീഷണർ മുന്നോട്ട് വച്ച ചില നിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിൽ, സംസ്ഥാന സർക്കാരിന്റെ അഭിപ്രായം ക്രോഡീകരിച്ച് കേന്ദ്ര സർക്കാരിനെ അറിയിക്കുവാനുള്ള നടപടികൾ പൂർത്തിയായിവരുന്നു. |
| (ബി) ദേശീയ റോഡ്സുരക്ഷാ സമിതിയിൽ ഇതു സംബന്ധിച്ച് നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) ഇല്ലെങ്കിൽ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ? | & (സി) | 1988 ലെ മോട്ടോർ വാഹന നിയമ ഭേദഗതിയുമായി ബന്ധപ്പെട്ട സുന്ദർ കമ്മിറ്റിയുടെ കരട് റിപ്പോർട്ടിന്മേലുള്ള സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്ര റോഡ് ട്രാൻസ്പോർട്ട് & ഹൈവേസ് മന്ത്രാലയത്തിനാണ് സമർപ്പിക്കേണ്ടത്. ആയത് സമർപ്പിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.